## ഹയർ സെക്കന്ററി സ്കൂൾ, കൂത്താട്ടുകുളം

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-2026

ഹയർ സെക്കന്ററി സ്കൂൾ, കുത്താട്ടുകുളം

അക്കാദമിക പ്ലാൻ 2025-26

**മലയാളം (ഹൈസ്കൂൾ വിഭാഗം)**

| ക്രമ നം. | പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതിക സൗകര്യങ്ങൾ | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • മലയാളം വായിക്കാനും എഴുതാനും ബുദ്ധിമുട്ട് നേരിടുന്ന കുട്ടികളെ കണ്ടെത്തുന്നു.<br>• പിന്നോക്കാവസ്ഥയുടെ കാരണം കണ്ടെത്തുന്നു.<br>• പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുന്നു. | രണ്ട് മാസം (ജൂലൈ, ആഗസ്റ്റ്) | ലഘു വായനാ സാമഗ്രികൾ | സ്കൂൾ ലൈബ്രറി |
| 2 | സർഗ്ഗശേഷി പരിപോഷണം (രചന) | വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് രചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവൻ | | |
| 3 | സർഗ്ഗശേഷി പരിപോഷണം (അവതരണം) | വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് പ്രസംഗമത്സരം, സെമിനാറുകൾ ഇവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവൻ | | സ്കൂൾ ലൈബ്രറി |
| 4 | വായനാപരിപോഷണം | വായനക്കുറിപ്പ് തയ്യാറാക്കൽ | അക്കാദമിക വർഷം മുഴുവൻ | | സ്കൂൾ ലൈബ്രറി |
| 5 | മാധ്യമപരിചയം | • ദിനാചരണങ്ങളോടനുബന്ധിച്ച് പതിപ്പുകൾ തയ്യാറാക്കൽ<br>• സ്കൂളിലെ പരിപാടികളുടെ റിപ്പോർട്ട് തയ്യാറാക്കൽ<br>• ഡിജിറ്റൽ പത്രം<br>• വീഡിയോ വർത്തകൾ | അക്കാദമിക വർഷം മുഴുവൻ | | സ്കൂൾ കമ്പ്യൂട്ടർ ലാബ് |

# ACADEMIC MASTER PLAN

## ENGLISH

## 2025-2026

| | Aim | Activity | Period | Assigned by | Expense |
|---|---|---|---|---|---|
| 1 | Reading - To develop fluency in reading | Teachers give opportunities for reading during the period. Those who are not fluent will be given practice | 6 months to 1 year | English Teachers | Nil |
| 2 | Comprehension - To develop the comprehension skill. | Teachers ask students to read a paragraph or a poem and some questions will be given based on that. This can be done during class time or using extra time | Twice in a week | English Teachers | Nil |
| 3 | Handwriting - To improve handwriting | Copy writing | Twice in a week | English Teachers | Nil |
| 4 | To develop communication skill | English Assembly | Twice in a year | SRG, English Teachers | Nil |

| | Aim | Activity | Period | Assigned by | Expense |
|---|---|---|---|---|---|
| 5 | To develop creativity | Story writing, writing poems | once in a year | SRG, English Teachers | Nil |
| 6 | To express ideas | Role play | yearly | English Teachers | Nil |
| 7 | Grammer Practice | Along with classroom activities | | English Teachers | |
| 8 | To improve reading habit | Library work / reading books, writing reviews | Twice in a year | SRG, | |

# അക്കാദമിക് മാസ്റ്റർപ്ലാൻ

-ഹിന്ദി.

## 2025-26

# മേഖല അക്കാദമികം - വിഷയം ഹിന്ദി H-S

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി വായിക്കുവാനും എഴുതുവാനും ഉള്ള ശേഷി ഉറപ്പാക്കുക. | ക്ലാസിൽ പുസ്തകവായനക്ക് പ്രാധാന്യം നല്കും. പാഠസംബന്ധമായ പ്രവർത്തനങ്ങൾ എന്നും ക്ലാസിൽ എഴുതിക്കുന്നതിലൂടെ ചിന്തനം ഉറപ്പിക്കൽ, തെറ്റുകൂടാതെയുള്ള എഴുത്തും സാധ്യമാകും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അദ്ധ്യാപിക. |
| മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. ഹിന്ദി മത്സരങ്ങൾ നടത്തുക | ഹിന്ദിയിൽ മത്സരങ്ങൾ സംഘടിപ്പിക്കുക. കഥ, കവിത, രചന, വായന ഹിന്ദി പഠനത്തിന് സഹായകരമായ ICT സാധ്യതകൾ പ്രയോജനപ്പെടുത്തുക. ഹിന്ദി അസംബ്ലി | " | " |
| ദിനാചരണങ്ങൾ | June-5, Sept-14, Janua-10 തുടങ്ങിയ ദിവസങ്ങളിൽ പോസ്റ്റർ, കഥ, കവിത, വായന മത്സരങ്ങൾ സംഘടിപ്പിക്കുക. CWSN കുട്ടികൾക്ക് worksheet, colouring. ചിത്രം നല്കി എഴുതിക്കുക, അക്ഷരം, എണ്ണൽ തുടങ്ങിയവ നടത്തുന്നു. | " | " |
| പാഠഭാഗങ്ങൾ കുട്ടികളിൽ എത്തിക്കുന്നതിന് പാഠാവലി ക്ലാസും നടത്തും | എന്നും ക്ലാസിൽ 5 വാക്ക് വീതം Dictation നടത്തും. അർത്ഥം ചോദിക്കുക, എന്നും പുസ്തകം വായിപ്പിക്കുക. എല്ലാ ക്ലാസിലും ഒരു ചോദ്യത്തിനുത്തരം എഴുതിച്ച് മാർക്ക് നല്കു. Test Paper നടത്തുക. തുടർന്ന് പ്രവർത്തനങ്ങളിലൂടെ കുട്ടിയെ ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കാൻ ശ്രമിക്കുന്നു. | എല്ലാ ഹിന്ദി ക്ലാസിലും | " |

മേഖല അക്കാദമികം - വിഷയം ഹിന്ദി U.P

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| U.P തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും, പദങ്ങളും, ആശയങ്ങളും ഉറപ്പിക്കൽ. | അക്ഷരം എഴുത്ത് [Copy Book], ചിത്രം ഉറപ്പിക്കൽ, അക്ഷരങ്ങളെ പ്രദർശനം, അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്, വാക്കുകൾ നിർമ്മാണം, വാക്യങ്ങളുടെ നിർമ്മാണം. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അദ്ധ്യാപിക |
| വീട്ടിൽ കാണുന്നതും, കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പറയാനും എഴുതാനും പരിശീലിക്കുക. | പഴങ്ങൾ, പച്ചക്കറികൾ, പക്ഷിമൃഗാദികൾ, ചിത്രം, പേര് ഇവയുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക. ICT യുടെ സഹായത്തോടെ വസ്തുക്കളും, വാക്കുകളും പരിശീലിക്കാനുള്ള അവസരം. | " | " |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കുവാനുള്ള അവസരങ്ങൾ (സുരീലി ഹിന്ദി) | ഹിന്ദി അസംബ്ലി, ദിനാചരണങ്ങൾ Jun-5, Sept-14, Janu-10 തുടങ്ങിയ ദിവസങ്ങളിൽ Poster, കഥ, കവിത, വായന മത്സരങ്ങൾ സംഘടിപ്പിക്കുക. CWSN കുട്ടികൾക്ക് worksheet, colouring ചിത്രം പൂരിപ്പിക്കുക മുതലായവ നടത്തുക. ഹിന്ദിയിൽ സംസാരിക്കുന്നതിലൂടെ കുട്ടികൾ അവരുടെ ആശയങ്ങൾ പ്രകടിപ്പിക്കാൻ പ്രാപ്തരാകുന്നു. | " | " |
| ഹിന്ദി വായന, തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും | ക്ലാസിൽ പുസ്തകവായനക്ക് പ്രോത്സാഹനം. | " | " |

# ACADEMIC MASTER PLAN

# SOCIAL SCIENCE

(2025-26)

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|---|
| 1. | കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനമേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ്. |
| 2. | സാമൂഹ്യശാസ്ത്രത്തിൽ പരിജ്ഞാന നിലവാരം വളർത്തുക | മുഖവാഹിനിയുടെ നിർമ്മാണം | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3 | ഭൂപടവായന കുട്ടികളിൽ വളർത്തുക | ഭൂപടവായനയ്ക്ക് സഹായിക്കുന്ന പ്രവർത്തനങ്ങളായ അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചയപ്പെടുത്തുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 4 | പഠിതാക്കളിൽ ചരിത്രാവബോധം ഉളവാക്കുന്നതിന് | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 5. | വായനാശീലം പരിപോഷിപ്പിക്കൽ | പത്രവായന, പുസ്തക പരിചയം | വർഷം മുഴുവൻ നിശ്ചയിച്ച ദിവസങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്രക്ലബ്ബ് |

Academic Master plan - 2025-26

Science.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുന്നിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു.<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം<br>ക്ലാസുകളിൽ ലഘു പ്രോജക്റ്റുകൾ നൽകുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് |
| ശാസ്ത്രലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലേക്ക് ആവശ്യമായ ഉപകരണങ്ങൾ, കെമിക്കലുകൾ ലഭ്യമാക്കൽ | അക്കാദമിക വർഷം. | പി.ടി.എ |
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി, ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസുകൾ സംഘടിപ്പിക്കുക.<br>സയൻസ് ക്വിസ്, സയൻസ് മേഖലയിലെ പുതിയ കണ്ടുപിടുത്തങ്ങൾ കുട്ടികളിലേക്ക് എത്തിക്കുക | അക്കാദമിക വർഷം എല്ലാ മാസവും. | സയൻസ് ക്ലബ്ബ്. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല |
|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം.<br>YIP ശാസ്ത്രപഥം, SIM, Inspire തുടങ്ങിയ പദ്ധതികളിൽ കുട്ടികളുടെ ആശയങ്ങളുടെ സമർപ്പണം. | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് |
| ശാസ്ത്ര നിർമ്മിതികൾ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു | വർഷത്തിൽ ഒന്ന് | സയൻസ് ടീച്ചർ |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് |
| സയൻസ് ഫിലിം ഫെസ്റ്റ് | ശാസ്ത്ര സംബന്ധിയായ സിനിമകളുടെ പ്രദർശനം, സാങ്കേതിക വിദ്യയുടെ ഉപയോഗം, ശാസ്ത്ര സംഭവങ്ങൾ പ്രതിഭാസങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി നിർമ്മിച്ച സിനിമകൾ | വർഷത്തിൽ രണ്ട് | സയൻസ് ക്ലബ്ബ് |

# അക്കാദമിക മാസ്റ്റർപ്ലാൻ

# ഗണിതശാസ്ത്രം

2025 - 2026

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മേഖല : ഗണിതശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ഗണിതശാസ്ത്രത്തിൽ പിന്നോക്കാവസ്ഥ പരിഹാരബോധനം | • വിവരശേഖരണം<br>• വിലയിരുത്തൽ<br>• രക്ഷിതാക്കളുമായി ആശയവിനിമയം<br>• പരിഹാരബോധനപ്രവർത്തനങ്ങൾ ആസൂത്രണം | June-July | ഗണിത അധ്യാപകർ PTA | |
| • പഠനാനുകൂല ഗൃഹാന്തരീക്ഷം സജ്ജമാക്കുക. | • വിവരശേഖരണം<br>• വിലയിരുത്തൽ<br>• ബോധവൽക്കരണം<br>• പിന്തുണപഠന സഹായം<br>• ഓരോ കാലയളവിൽ ഗൃഹാന്തരീക്ഷം വിലയിരുത്തൽ<br>• ഇടപെടൽ | June-March | PTA അധ്യാപകർ | |
| • ഗണിതശാസ്ത്രത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ ഉന്നമനം | • പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി രാവിലെയും വൈകിട്ടും പ്രത്യേക പരിശീലനം നൽകൽ<br>• പ്രത്യേക worksheet കൾ തയ്യാറാക്കൽ | June-March | ഗണിത അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ഗണിതശാസ്ത്രപഠനം രസകരമാക്കാൻ | • ഗണിത ക്ലബ് രൂപീകരണം<br>• ഗണിതലാബ്<br>• ഗണിതലാബിൽ വച്ച് ഗണിതക്ലാസ്സ് | June-July | ഗണിത ക്ലബ് | PTA |
| • ഗണിതശാസ്ത്രാവബോധം വളർത്തുക | • എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് ഗണിതശാസ്ത്ര ക്വിസ്, ടാൻഗ്രാം മത്സരങ്ങൾ സംഘടിപ്പിക്കൽ<br>• ക്ലാസ് മുറികൾ ഗണിത കലണ്ടർ, ഗണിതചാർട്ടുകൾ ഇവകൊണ്ട് അലങ്കരിക്കൽ<br>• ക്ലാസ്സുകൾക്ക് പ്രവർത്തനം വിശദീകരിച്ച് ഓരോ ടേമിലും വിജയികളെ പ്രഖ്യാപിക്കുന്നു. | മാസത്തിലൊ | ഗണിത ക്ലബ് SRG | PTA ഗണിതക്ലബ് |
| • ഗണിത സാഹിത്യ സൃഷ്ടികൾ | • ഗണിതമാഗസിൻ<br>• ചുമർപത്രികകൾ<br>• ഗണിതശാസ്ത്ര മേള<br>• ഗണിത പുസ്തകശേഖരണം<br>• ഗണിത ലൈബ്രറി ഉണ്ടാക്കുക<br>• ഗണിത കോർണർ<br>• ഗണിത പൂന്തോട്ടം | June-March | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| • ഗണിതത്തിൽ പഠനതാൽപര്യവും പഠനാവേശവും വളർത്താൻ | • വ്യത്യസ്ത മത്സരപ്രവർത്തനങ്ങളിലൂടെ പഠനാവേശം വർധിപ്പിക്കുക<br>• ഓരോ ടേമിലും റിസോഴ്സ് പേഴ്സന്റെ സഹായത്തോടെ മോട്ടിവേഷൻ ക്ലാസ് നൽകുക | June-October | PTA ഗണിതക്ലബ് | PTA |
| • ഗണിതത്തിൽ ഉയർന്ന ശേഷിയും നേടാൻ | • ഗണിത ക്ലിനിക്ക്<br>• Geogebra പരിശീലനം<br>• ഗണിത സ്കിറ്റ് അവതരണം<br>• ഗണിത അസംബ്ലി | മാസം തോറും | ഗണിത ക്ലബ് | PTA |
| • വിലയിരുത്തലും പരിഹാരബോധനവും | • യൂണിറ്റ് ടെസ്റ്റ് വിലയിരുത്തൽ<br>• രക്ഷിതാക്കളുടെ സഹായത്തോടെ ഇടപെടലും പരിഹാരബോധനപ്രവർത്തനങ്ങൾ | August - December | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 26

## കുഷി സയൻസ്

മേഖല യു.പി സയൻസ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1. ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | • ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവയുടെ നിർമ്മാണം.<br>• നിത്യജീവിതത്തിന് പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ പരീക്ഷണങ്ങൾ ചെയ്യൽ | അക്കാദമിക വർഷം<br>ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ്<br>ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | പി.ടി.എ |
| 2. ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക | · ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമികവർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3. ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി ഉപയോഗപ്പെടുത്തുക. | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു.<br>പുതിയ കണ്ടുപിടുത്തങ്ങൾ ശാസ്ത്ര സത്യങ്ങൾ ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ. | |

# ഹൈസ്കൂൾ കുത്താട്ടുകുളം

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

### മേഖല : യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യ ങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | July | ഇംഗ്ലീഷ് അധ്യാപകർ | |
| | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശ ങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | June | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | November | ഇംഗ്ലീഷ് അധ്യാപകർ | |
| | Missing Man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പി ക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്ക വാനുള്ള അവസരം ഒരുക്കുന്നു. | June | ഇംഗ്ലീഷ് അധ്യാപകർ | |
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി . നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | August | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിന യത്തിന് പ്രോത്സാഹനം നൽകുന്നു. | October | ഇംഗ്ലീഷ് അധ്യാപകർ | |

| | | | |
|---|---|---|---|
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കു വാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | July | ഇംഗ്ലീഷ് അധ്യാപകർ |
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞ ടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെ ത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | September | ഇംഗ്ലീഷ് അധ്യാപകർ |
| | | Once in a term | ഇംഗ്ലീഷ് അധ്യാപകർ |
| | F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കു വാനുള്ള അവസരം നൽകുന്നു. | Monthly | ഇംഗ്ലീഷ് അധ്യാപകർ |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കു വാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | | |
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | End of the Year | ഇംഗ്ലീഷ് അധ്യാപകർ |
| | Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീ സുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമു കളിലുമായി പ്രദർശിപ്പിക്കുന്നു. | Whole Year | ഇംഗ്ലീഷ് അധ്യാപകർ |
| | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെ ഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | February | ഇംഗ്ലീഷ് അധ്യാപകർ |
| | Fun time കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾഎന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കു വാൻഅവസരം നൽകുന്നു. | Daily | ഇംഗ്ലീഷ് അധ്യാപകർ |

| | | | | |
|---|---|---|---|---|
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand One day Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെ ടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവി ധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത് ആറിന് Role play നാടകം എന്നിവ പ്രച്ഛന്നവേഷരായി ഏഴാം ക്ലാസിന് കവിത, പ്രസംഗം തുടങ്ങിയവ. | End of the Year | പി.ടി.എ<br>ഹെഡ്മിസ്ട്രസ്,<br>ഇംഗ്ലീഷ്<br>അധ്യാപകർ | പി.ടി.എ |